# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2033 — 19.06.2012 ൽ മറുപടിയ്ക്ക്

## സഹകരണ വായ്പാ റിസ്ക് ഫണ്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ. കെ. ലതിക | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ വായ്പാ മേഖലയിൽ റിസ്ക് ഫണ്ട് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) നടപ്പാക്കിയിട്ടുണ്ട്. |
| (ബി) ഈ പദ്ധതി നടപ്പാക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (ബി) റിസ്ക് ഫണ്ട് പദ്ധതി പ്രകാരം വായ്പ സഹകരണ സംഘങ്ങളിൽ നിന്നും വായ്പ എടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിക്കുള്ളിൽ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം വായ്പ മുതൽ ഇനത്തിൽ ബാക്കി നിൽക്കുന്ന ഒന്നര ലക്ഷം രൂപവരെയുള്ള മുതൽ തുകയും അതിന്റെ പലിശയും റിസ്ക് ഫണ്ടിൽ നിന്നും നൽകും. മരണപ്പെട്ട ആളിന്റെ പേരിലുള്ളതും വായ്പാക്കാലാവധി കഴിഞ്ഞതും/ കഴിയാത്തതും വായ്പക്കാരന്റെ 70 വയസ്സ് തികയുന്നതിന് മുൻപ് തിരിച്ചടവ് കാലാവധി തീരുന്ന വായ്പകൾക്കുമാണ് ഈ പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹതയുള്ളത്. ടി പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിനായി വായ്പക്കാരൻ എടുക്കുന്ന വായ്പയുടെ 0.25 ശതമാനം എന്ന നിരക്കിൽ കുറഞ്ഞത് 50 രൂപയും പരമാവധി 375 രൂപയും വായ്പ തുക കൈപ്പറ്റുമ്പോൾ റിസ്ക് ഫണ്ട് പ്രീമിയം തുകയായി അടയ്ക്കേണ്ടതാണ്. ഒന്നിൽ കൂടുതൽ പേർ ചേർന്ന് എടുത്തിട്ടുള്ള വായ്പയാണെങ്കിലും അതിൽ ഒരു വായ്പക്കാരൻ മരണപ്പെടുകയും മറ്റ് വായ്പക്കാർക്ക് തുക അടച്ച് തീർക്കാൻ |

കഴിവില്ലെന്ന് ബന്ധപ്പെട്ട സഹകരണ സംഘത്തിന് ബോധ്യപ്പെട്ടുകയാണെങ്കിൽ സംഘം ഭരണ സമിതിയുടെ ശുപാർശയിന്മേൽ അത്തരം വായ്പകളിൽ ഒരു വായ്പക്കാരന്റെ മരണ തീയതി മുതൽ ബാക്കി നിൽക്കുന്ന വായ്പതുകയോ, ടി തുകയുടെ ആനുപാതികമായ തുകയോ ഫണ്ടിൽ നിന്നും നൽകുന്നതാണ്. റിസ്ക് ഫണ്ട് പദ്ധതി നിയമാവലിയിൽ സർക്കാരിന്റെ 30.03.2012 ലെ സ.ഉ. (കൈ) നം. 42/2012/സഹ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭേദഗതി വരുത്തുകയും മരണപ്പെട്ട വായ്പക്കാർക്ക് മാത്രം ലഭ്യമായിരുന്ന ആനുകൂല്യം വായ്പ എടുത്ത ശേഷം ക്യാൻസർ, എയ്ഡ്സ്, പക്ഷാഘാതം വന്ന് ശരീരം തളർന്നവർ, ഹൃദയ സംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ എന്നീ മാരക രോഗങ്ങൾ പിടിപെട്ട് വായ്പ ബാദ്ധ്യതകൾ തീരാതെ വരുന്ന വായ്പക്കാർക്ക് ലഭ്യമാക്കാൻ ഉത്തരവായിട്ടുണ്ട്. ഇപ്രകാരം അസുഖം ബാധിച്ചവരുടെ വായ്പ മുതൽ ഇനത്തിലുള്ള 75,000/- രൂപയും അതിന്റെ പലിശയും റിസ്ക് ഫണ്ടിൽ നിന്നും എഴുതിത്തള്ളുന്നതാണ്.

(സി) റിസ്ക് ഫണ്ട് പദ്ധതി സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെയും സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലറുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ?

(സി) റിസ്ക് ഫണ്ട് പദ്ധതി സംബന്ധിച്ച് പുറപ്പെടുവിച്ച 18.11.2008 ലെ സ.ഉ (കൈ) നം. 249/2008/സഹ നമ്പർ ഉത്തരവിന്റെയും 24.05.2010 ലെ സ.ഉ. (കൈ) നം. 82/2010/സഹ നമ്പർ ഉത്തരവിന്റെയും, 30.03.2012 ലെ സ.ഉ (കൈ) നം. 42/2012/സഹ നമ്പർ ഉത്തരവിന്റെയും സഹകരണ സംഘം രജിസ്ട്രാറുടെ 33/2010, 1/2012 നമ്പർ സർക്കുലറുകളുടെയും പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

സെക്ഷൻ ഓഫീസർ